(17) തൃശ്ശൂർ ജില്ലയിലെ റേഷൻ കടകളിൽ പശുപ്പച്ചരിയും ഇരുമ്പരിയും വിതരണം ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. ലോനപ്പൻ നമ്പാടൻ : ഈ കള്ളകർക്കിടകമാസത്തിൽ വെള്ളപ്പൊക്കദുരിതംമൂലം കണ്ണുനീരും കൈയ്യുമായി കഴിയുന്ന തൃശ്ശൂർ ജില്ലയിലെ പട്ടിണി പാവങ്ങൾക്ക് റേഷൻകടവഴി സർക്കാർ നൽകുന്ന പശുപ്പച്ചരി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. കോഴിവരെ ചത്തുപോവുകയാണ്. വയറിളക്കം, ഛർദ്ദി തുടങ്ങിയ പകർച്ചവ്യാധികളും തീരപ്രദേശങ്ങളിലും ഹരിജൻ കോളനികളിലും പടർന്നുപിടിച്ചിരിക്കുന്നു. പരസ്യവിപണിയിൽ അരിവില കുതിച്ചു കയറുകയാണ്. പഞ്ചാബിൽ നിന്ന് ഇറക്കുമതി ചെയ്ത പഴയ ഇരുമ്പരി പോളീഷ് ചെയ്ത് വീണ്ടും വിതരണം ചെയ്തുവരുകയാണ്. തൃശ്ശൂർ, മുകുന്ദപുരം താലൂക്കുകളിൽ പശുപ്പച്ചരി മാത്രമേ ഇപ്പോൾ വിതരണം ചെയ്യുന്നുള്ളൂ. ബഹുമാനപ്പെട്ട മന്ത്രിക്ക് പച്ചയോട് പ്രിയമാണ്. പാവപ്പെട്ട ആളുകളെ പച്ചരി തീറ്റിക്കരുത്. നല്ല പുഴുക്കലരി തന്നെ വിതരണം ചെയ്യാൻ സത്വരമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) : തൃശ്ശൂർ ജില്ലയിൽ ബഹുമാനപ്പെട്ട മെമ്പർ ആരോപിച്ചതുപോലെ മുഴുവനായി പശുപ്പച്ചരി വിതരണം ചെയ്തിട്ടില്ല. ജൂലൈ മാസത്തിൽ 11,824 ടൺ അരിയാണ് ആകെ വിതരണം ചെയ്തത്. അതിൽ 8277 ടൺ പുഴുക്കലരിയാണ്, ഒന്നാം ക്ലാസ് അരി. ബാക്കി 3574 ടൺ മാത്രമാണ് പച്ചരി. അതുതന്നെ ബഹുമാനപ്പെട്ട മെമ്പർ ആരോപിച്ചതുപോലെ പശുപച്ചരി അല്ല. ആ പച്ചരിയിൽ അല്പം പൊടിയുണ്ടെന്നുമാത്രം. തൃശ്ശൂർ ജില്ലയിൽ പല താലൂക്കുകളിലും മൂന്നാഴ്ച പുഴുക്കലരിയും ഒരാഴ്ച പച്ചരിയുമാണ് കൊടുക്കാൻ പറഞ്ഞിട്ടുള്ളത്. ചാവക്കാട് ഒരാഴ്ചയിൽ പകുതി മാത്രമേ പച്ചരി കൊടുത്തിട്ടുള്ളൂ. പക്ഷെ ബഹുമാനപ്പെട്ട മെമ്പറുടെ പ്രദേശമുൾക്കൊള്ളുന്ന മുകുന്ദപുരം താലൂക്കിൽ രണ്ട് ആഴ്ച കൊടുക്കേണ്ടിവന്നു. അതുതന്നെ ഇപ്പോൾ നിറുത്തി. പുഴുക്കലരിതന്നെ കൊടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുമാത്രമല്ല, അദ്ദേഹം പറഞ്ഞതുപോലെ പഞ്ചാബ് അരിയെന്ന ഇരുമ്പരി രണ്ടാമത് പോളീഷ് ചെയ്ത കൊടുക്കുന്നില്ല. പഞ്ചാബ് അരി തന്നെ, ഞാൻ നേരത്തെ സഭയിൽ പറഞ്ഞതാണ്, ചില സ്ഥലത്ത് കുറച്ച് ഉണ്ടായിരുന്നു. അതല്ലാതെ വേറൊന്നുമില്ല. അതുകൊണ്ട് പുഴുക്കലരി നൽകണമെന്ന് ആവർത്തിച്ച് ഫുഡ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(18) പേരാംപ്രയിലെ മാതൃഭൂമി ഏജൻറിനെ മർദ്ദിച്ച സംഭവം

ശ്രീ. എ. കെ. പത്മനാഭൻ : പേരാംപ്ര പോലീസ് സ്റ്റേഷന് മുമ്പിൽ നടന്ന മഹിളാ ധർണ ഉൾപ്പെടെയുള്ള പ്രക്ഷോഭ സമരങ്ങളുടെ ഭാഗമായി "മാതൃഭൂമി" ദിനപ്പത്രത്തിൽ വാർത്ത വന്നു എന്നതിൻറെ പേരിൽ കുഞ്ഞനന്തൻ എന്ന പത്ര ഏജൻറിനെ മർദ്ദിക്കുകയും പത്രക്കെട്ടുകൾ വലിച്ചെറിയുകയും ചെയ്ത സംഭവമുണ്ടായിരിക്കുന്നു. ജമീല സംഭവമെന്ന പേരിൽ പത്രത്തിൽ വന്ന ആ സംഭവത്തിന് ഉത്തരവാദികളായവർ തന്നെയാണ് മർദ്ദനം നടത്തിയിട്ടുള്ളത്. അതിൽ പോലീസ് ഒരു നടപടിയുമെടുക്കുന്നില്ല. കുറ്റവാളികളെ രക്ഷിക്കുകയും കുറ്റം ചെയ്യാത്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന നടപടിയാണ് പോലീസിൻറെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ഇതിൻറെ പേരിലുണ്ടായ സംഘർഷത്തെ തുടർന്ന് മാർക്സിസ്റ്റ് പാർട്ടിയുടെയും ഡി. വൈ. എഫ്. ഐ.

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തകന്റെയും പേരിലാണ് 107-ാം വകുപ്പ് അനുസരിച്ച് കേസെടുത്തിട്ടുള്ളത്. അടിയന്തിരമായും ഈ പത്ര ഏജന്റിനെ മർദ്ദിച്ച ആളുകളുടെ പേരിൽ നടപടിയെടുക്കണം. ജമീലാ സംഭവത്തിന് ഉത്തരവാദികളായ ആളുകളുടെ പേരിൽ കേസെടുക്കണം.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : കുട്ടിഹസ്സൻ എന്നു പറയുന്ന ഒരാളെക്കുറിച്ച് വാർത്ത വന്നതിന്റെ പേരിലാണ് മാതൃഭൂമി ഏജന്റായ കുഞ്ഞനന്തനെ മർദ്ദിച്ചതായി ആക്ഷേപമുണ്ടായത്. അതിനെ തുടർന്ന് പോലീസ് നടപടി സ്വീകരിക്കുകയും അതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. അതിനുശേഷം കുഞ്ഞനന്തനെ മർദ്ദിച്ചതിന്റെ പേരിലാണ് ഡി. വൈ. എഫ്. ഐ. പ്രവർത്തകരുടെ പേരിൽ കേസെടുത്തിട്ടുള്ളത്. 107 അനുസരിച്ച് കേസെടുത്തിരിക്കുന്നത് കുട്ടി ഹസ്സന്റെയും മറ്റ് ഏഴ് പേരുടെയും പേരിലാണ്. പത്ര ഏജന്റിനെ മർദ്ദിച്ചതിന്റെ പേരിലാണ് കേസെടുത്തിട്ടുള്ളത്. എന്തായാലും അവിടെ പരസ്പരം സംഘട്ടനമുണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പത്ര വാർത്തയുടെ പേരിൽ ഏതെങ്കിലും പത്രപ്രവർത്തകനെ കൈയേറ്റം ചെയ്യുന്ന നടപടി ഒരു തരത്തിലും വച്ചുപൊറുപ്പിക്കുന്നതല്ല. കർശനമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് 107 തന്നെ എടുത്തിട്ടുള്ളത്. കുഞ്ഞനന്തൻ ആശുപത്രിയിലായതുകൊണ്ടാണ് മറ്റ് നടപടികളുമായി മുന്നോട്ട് പോകാത്തത്. നിശ്ചയമായും നടപടി സ്വീകരിക്കുന്നതാണ്.

(19) ശ്രീ. എസ്. കെ. പിള്ളയുടെ പേരിലുള്ള വിജിലൻസ് അന്വേഷണം

ശ്രീ. സി. കെ. ചക്രപാണി : പോലീസ് വിജിലൻസ് അന്വേഷണ പ്രഹസനത്തിന്റെ കഥയിലേക്ക് ആണ് ഞാൻ വിരൽ ചൂണ്ടുന്നത്. തൃശ്ശൂരിലെ പൊതുമേഖലാ സ്ഥാപനമായ 'ഔഷധി' യുടെ മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. എസ്. കെ. പിള്ളയ്ക്കു എതിരായി വിജിലൻസ് അന്വേഷണം നടന്നു. ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഇൻസ്പെക്ഷൻ വിംഗ് ഗുരുതരമായ 20 ആരോപണങ്ങളും അദ്ദേഹത്തിനു എതിരായി കൊണ്ടുവന്നു. അതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം ആരംഭിച്ചത്. അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോഴാണ് ആ എസ്. കെ. പിള്ളയെ കെ. ടി. ഡി. സി. യുടെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചത്. അവിടെയും അന്വേഷണം നടക്കുന്നുണ്ടെന്നാണ് കേൾക്കുന്നത്. എസ്. കെ. പിള്ള ഔഷധിയിൽ നിന്ന് 35 ലക്ഷം രൂപ തട്ടിയെന്നാണ് കേൾക്കുന്നത്. കെ. ടി. ഡി. സി. യിൽ നിന്നും ഏകദേശം 50 ലക്ഷം രൂപ തട്ടിയിട്ടുണ്ട്. ആ എസ്. കെ. പിള്ളക്കു എതിരായിട്ടുള്ള വിജിലൻസ് അന്വേഷണം എത്രത്തോളമെത്തിയെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി അറിയിക്കണം. പ്രോസിക്യൂഷൻ നടപടിയെടുക്കാൻ തയ്യാറാകുമോ ? അതിന് ആരാണ് തടസ്സം ? ഞാൻ കേൾക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഡിപ്പാർട്ടുമെന്റാണെന്നാണ്. സി. പി. നായരുടെ പേരാണ് വലിച്ചിഴയ്ക്കുന്നത്. എന്തായാലും എസ്. കെ. പിള്ളയ്ക്കു എതിരായി പ്രോസിക്യൂഷൻ നടപടി എത്രയും വേഗം എടുക്കുമോ, അതിന്റെ സ്ഥിതിയെന്താണ് ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. എന്തായാലും ശരി, മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടുന്നില്ല. മുഖ്യമന്ത്രിയെ സംബന്ധിച്ച് ഇതിൽ യാതൊരു പ്രത്യേക താൽപര്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly